# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## GHSS കന്നാറ്റുപാടം

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ആമുഖം**

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ജിഎച്ച്എസ്എസ് കന്നാറ്റുപാടം സ്കൂളിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ അക്കാദമിക മുന്നേറ്റം ലക്ഷ്യം വെച്ച് തയ്യാറാക്കിയതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ വർഷം നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി രേഖപ്പെടുത്തണം പൊതു വിദ്യാഭ്യാസ സംരക്ഷണ ത്തിന്റെ ഭാഗമായി മുന്നോട്ടുവെച്ച ആശയമായ അക്കാദമിക് മാസ്റ്റർ പ്ലാൻ തുടർ വർഷങ്ങളിലും വികസിപ്പിച്ചു കൊണ്ടിരിക്കുന്നു വിദ്യാലയങ്ങളെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയുടെ സമഗ്ര വികാസവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം ക്ലാസ് സ്ഥലം മാസ്റ്റർ പ്ലാൻ വ്യക്തിഗത മാസ്റ്റർ പ്ലാൻ സർക്കുലർ തല മാസ്റ്റർ പ്ലാൻ എന്നീ തലങ്ങളിലേക്ക് വ്യാപിച്ചു ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട് എന്നാൽ അക്കാദമിക മികവാണ് 2025 സമഗ്ര ഗുണമേന്മ വർഷമായി കാണുന്ന പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആർജിച്ചു മുന്നേറണം**

# ഉള്ളടക്കം

1. ആമുഖം
2. സ്കൂൾ ചരിത്രം
3. ഭൗതിക സാഹചര്യങ്ങൾ
4. പാഠ്യേതര പ്രവർത്തനങ്ങൾ
5. സാമൂഹിക ഇടപാടുകൾ അധ്യാപകർ, അനാദ്ധ്യാപകർ

## മികവുകൾ

6. എസ് എസ് എൽ സി റിസൾട്ട്
7. എൽ എസ് എസ്, യു എസ് എസ്, എൻ എം എം എസ് പരീക്ഷകൾ
8. കലാമേള
9. ശാസ്ത്രമേള
10. കായികമേള
11.ലാബ്, ലൈബ്രറി
12.പി.ടി.എ
13.വിദയാലയത്തിൽ നേരിടുന്ന പ്രശ്ന വെല്ലുവിളികൾ

## പഠനപ്രവർത്തനങ്ങൾ

14.എൽ.പി തലം
15.യു.പി തലം
16.എച്ച്.എസ്സ് തലം

## ലക്ഷ്യങ്ങൾ

- ഒന്നുമുതൽ 10 വരെയുള്ള ഓരോ ക്ലാസ്സിലും പാഠ്യപദ്ധതി ലക്ഷ്യമിട്ട് നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക
- ഒന്നുമുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണയും എത്രമാത്രം പ്രായം പ്രായാനുസൃതമായി ആയി വികസിക്കണം എന്നത് പാഠ പദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ ബന്ധതമായ പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്ന് ഉറപ്പുവരുത്തണം
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു
- കുട്ടികളുടെ പഠനനില അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠന പിന്തുണ യഥാസമയം നൽകണം
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാൻ ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക
- പദവിയും അവസരതുല്യതയും സംബന്ധിച്ച് കാഴ്ചപ്പാട് വികസിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക
- സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
- ദിനാചരണങ്ങൾ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
- പരിസ്ഥിതികാവബോധം, സാമൂഹികാവബോധം മാലിന്യനിർമാർജ്ജനാവബോധം, ശാസ്ത്രബോധം, വിമർശനാ ബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന ആധുനികശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക
- സമഗ്ര പഠന പുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുമെന്ന് രക്ഷാകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക

# സ്കൂൾ ചരിത്രം ജിഎച്ച്എസ്എസ് കന്നാറ്റുപാടം

പശ്ചിമഘട്ട മലനിരകളുടെ കിഴക്കൻ ചെരുവിൽ തൃശൂർ വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ വരന്തരപ്പിള്ളി പഞ്ചായത്തിൽ പ്രകൃതിരമണീയമായ ചിമ്മിനി ഡാമിൻറെ പ്രാന്തപ്രദേശത്തുള്ള വനമേഖലയിലെ ആദിവാസികളായ ഗിരിവർഗ്ഗക്കാരുടെ ഏക ആശ്രയമായ ഹയർസെക്കൻഡറി സ്കൂളാണ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ കന്നാറ്റുപാടം. വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തി പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ കഴിഞ്ഞിരുന്ന മലയൻ ആദിവാസി വിഭാഗത്തിനിടയിലേക്ക് പുരോഗതിയുടെ കൈത്തിരിയുമായി കടന്നുവന്ന് 1905ൽ ബ്രിട്ടീഷുകാർ ഈ പ്രദേശത്ത് റബർതോട്ടം ആരംഭിച്ചു.റബർ മേഖലയിൽ തൊഴിൽ ചെയ്യുവാൻ ധാരാളം തൊഴിലാളികളെ ആവശ്യമായി വന്നു .എന്നാൽ ഇവിടത്തെ ജനവിഭാഗത്തിന് ഈ മേഖലയിൽ ഉണ്ടായ പരിചയക്കുറവ് മൂലം കങ്കാണിമാരുടെ നേതൃത്വത്തിൽ തൊഴിൽ തേടി വന്ന തൊഴിലാളികളെ സ്വീകരിക്കേണ്ടതായി വന്നു .ഈ വിധത്തിൽ വന്ന തൊഴിലാളികളിൽ ഭൂരിഭാഗം പേരും മലപ്പുറത്തുകാരനായ മൊയ്തു ഹാജി കിളിയ മണ്ണിൻറെ നേതൃത്വത്തിൽ ഇവിടെ എത്തിച്ചേർന്നവരായിരുന്നു അതിനാൽ ഇവിടെ തൊഴിൽ ചെയ്യുന്ന തൊഴിലാളികളിൽ സിംഹഭാഗവും മലപ്പുറംകാരുടെ സന്തതി പരമ്പരകളാണ് .

തദ്ദേശവാസികൾക്കും തോട്ടം തൊഴിലാളികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ യാതൊന്നും തന്നെ ഇവിടെ അക്കാലത്ത് ഉണ്ടായിരുന്നില്ല. അന്ധവിശ്വാസങ്ങളോടും ആചാരാനുഷ്ഠാനങ്ങളോടും ബന്ധപ്പെട്ട് കിടന്നിരുന്ന ഒരു ജീവിതചര്യയായിരുന്നു തദ്ദേശവാസികളുടേത്. തോട്ടം തൊഴിലാളികളുടെ നിരന്തരമായ ആവശ്യപ്രകാരം പ്രാഥമിക വിദ്യാഭ്യാസം എന്ന സ്വപ്ന സാക്ഷാത്കാരത്തിനായി ഒന്ന് ,രണ്ട് ക്ലാസുകൾ ഏകാധ്യാപകനായ ചാത്തൻ ആശാൻറെ എഴുത്തുശാലയോടെയാണ് തുടക്കം കുറിച്ചത് .എന്നാൽ ഓരോ വർഷം കഴിയുന്തോറും കുട്ടികളുടെ എണ്ണം വർധിച്ചതിനാൽ ക്ലാസ് മുറികളുടെയും അധ്യാപകരുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടതായി വന്നു .അതിനാൽ 1931ൽ കന്നാറ്റുപാടം എന്ന സ്ഥലത്ത് 'കമ്പനി സ്കൂൾ കന്നാറ്റുപാടം' എന്ന പേരിൽ ഈ സ്കൂൾ പ്രവർത്തിച്ചു തുടങ്ങി.

തുടർന്ന് 1948ൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും അതോടുകൂടി ,'ഗവൺമെൻറ് സ്കൂൾ കന്നാറ്റുപാടം' എന്നറിയപ്പെടുകയും ചെയ്തു. ഇതേ തുടർന്ന് 1969ൽ യുപി സ്കൂൾ ആയും, 1976 ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 2008 ൽ സ്കൂളിലെ പ്രീ പ്രൈമറി വിഭാഗം പ്രവർത്തനം ആരംഭിച്ചു .201516 അധ്യയന വർഷത്തിൽ രണ്ട് ബാച്ചുകളായി കോമേഴ്സ് ,സയൻസ് വിഷയങ്ങളിലായി ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭാഗവും പ്രവർത്തനമാരംഭിച്ചു .

സാമ്പത്തികമായും ഭൗതികപരമായും വിദ്യാഭ്യാസപരമായും വിദ്യാലയം പുരോഗതിയിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു.തോട്ടം തൊഴിലാളികളുടെ മക്കൾ തന്നെയാണ് സ്കൂളിലെ ഭൂരിഭാഗം വരുന്ന വിദ്യാർഥികളും.ഓലമേഞ്ഞ എഴുത്തുശാലയിൽ നിന്നും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ബഹുനില കെട്ടിടത്തിലേക്ക് ഉയർന്ന നമ്മുടെ വിദ്യാലയത്തിന്റെ മികവുകളിൽ, ബാസ്ക്കറ്റ്ബോൾ കോർട്ട്, പുതുതായി നിർമ്മിച്ച വർണ കൂടാരം പാർക്ക്, ഓരോ വിഭാഗത്തിനും ഓരോ സ്മാർട്ട് ക്ലാസ് റൂം എന്നിവ ഉൾപ്പെടുന്നു .കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുക വഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തി വിദ്യാർത്ഥികളെ നാളെയുടെ വാഗ്ദാനങ്ങൾ ആക്കി മാറ്റാൻ കഴിയും എന്നതാണ് ഞങ്ങളുടെ ശുഭാപ്തി വിശ്വാസം.

## ഭൗതിക സാഹചര്യങ്ങൾ

സ്കൂളിലെ മെയിൻ ബിൽഡിങ്ങിൽ ഗ്രൗണ്ട് ഫ്ളോറിലും ഒന്നാം നിലയിലുമായി 16 ക്ലാസ് മുറികൾ സ്ഥിതിചെയ്യുന്നു. കമ്പ്യൂട്ടർ ലാബ് ,സയൻസ് ലാബ്, ലൈബ്രറിയും കളിസ്ഥലവും ഉണ്ട്.

201718 കാലയളവിൽ നവീകരിച്ച അടുക്കള സ്കൂളിൽ പ്രവർത്തനം ആരംഭിച്ചു.പാചകപ്പുര, സ്റ്റോർ റൂം എന്നിവ അടങ്ങിയതാണ് അടുക്കള.

ആൺകുട്ടികൾക്ക് 2 മൂത്രപ്പുരയും പെൺകുട്ടികൾക്ക് 4 ടോയ്‌ലറ്റും നിലവിലുണ്ട്. ഉപയോഗ യോഗ്യമല്ലാത്ത മൂത്രപ്പുരകളും ഉണ്ട് കുടിവെള്ളത്തിനായി കിണറും കുഴൽ കിണറും നിലവിലുണ്ട്. കൃത്യമായ ഇടവേളകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

## സാമൂഹിക ഇടപെടലുകൾ, അധ്യാപകർ, അനധ്യാപകർ

വിദ്യാലയം ഒരു പൊതുമേഖല സ്ഥാപനം ആണ്. സാമൂഹികമായ ഇടപെടലുകൾ നിരന്തരം നടന്നു കൊണ്ടിരിക്കുന്നു. വിദ്യാലയം നല്ല രീതിയിൽ മുന്നോട്ട് പോകണമെങ്കിൽ PTA, MPTA, OSA, SSA, RMSA, MLA, MP, അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷ കർത്താക്കൾ, ക്ലബ്ബുകൾ, സമൂഹം എന്നീ ഘടകങ്ങളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. നമ്മുടെ സ്കൂളിൽ 15 അധ്യാപകരും 5 അനധ്യാപകരും ഉണ്ട്.

## എസ് എസ് എൽ സി റിസൽട്ട്

അധ്യയനവർഷത്തിന്റെ തുടക്കം മുതൽ തന്നെ എസ്എസ്എൽസി കുട്ടികൾക്ക് പരിശീലനം കൊടുത്തു വരുന്നു. തുടർച്ചയായി 10 വർഷങ്ങളായി എസ്എസ്എൽസിക്ക് 100% വിജയം നേടുന്ന സ്കൂളാണ് .എല്ലാ അധ്യാപകരും രക്ഷകർത്താക്കളും കുട്ടികളുടെ വിജയത്തിന് ഒത്തൊരുമിച്ച് പ്രവർത്തിച്ചു പോരുന്നു .നാലു വർഷങ്ങളായി തുടർച്ചയായി കുട്ടികൾക്ക് ഫുൾ എ പ്ലസ് ലഭിച്ചുവരുന്നു .

## എൽഎസ്എസ് യുഎസ്എസ് എൻ എം എം എസ്

അക്കാദമിക നിലവാരം ഉയർത്തുന്ന എൽ എസ് എസ് ,യു എസ് എസ് ,എൻ എം എം എസ് പരീക്ഷകളിൽ കുട്ടികൾ പങ്കെടുത്ത് അർഹത നേടുന്നു.

ഏറ്റവും ഒടുവിൽ 2023 ൽ എൻ എം എം എസ് സ്കോളർഷിപ്പിന് അർഹത നേടുകയുണ്ടായി. എല്ലാ വർഷവും ജൂൺ ആദ്യം മുതൽ തന്നെ കുട്ടികൾക്ക് പരിശീലനം കൊടുത്തുവരുന്നു.

## കലാമേള....

പഠനത്തോടൊപ്പം തന്നെ കുട്ടികളുടെ സർഗാത്മകശേഷി പ്രകടിപ്പിക്കുന്ന, മാനസിക സന്തോഷം നൽകുന്ന കലാമേളയിൽ സ്കൂളിലെ കുട്ടികളുടെ സാന്നിധ്യം ശ്രദ്ധേയമാണ്. സ്കൂൾ കലാമേളയിൽ നിന്നും ഒന്നാം സ്ഥാനം നേടുന്ന കുട്ടികളെ ഉപജില്ലാ കല ഉപജില്ല ജില്ലാ കലാമേളകളിൽ പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തുവരുന്നു. പ്രാദേശികമായ പ്രത്യേകതയാൽ മാപ്പിളപ്പാട്ട്, അറബി ഗാനം, ഒപ്പന എന്നീ ഇനങ്ങളിൽ ഉപജില്ല ജില്ലാതലത്തിൽ തുടർച്ചയായി സമ്മാനം നേടിവരുന്നു. അറബി കലോത്സവത്തിൽ വർഷങ്ങളായി ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി കൊണ്ട് കണ്ണാട്ടുപാടം സ്കൂൾ കലോത്സവത്തിന് ഒരു തിലകക്കുറിയായി ശോഭിക്കുന്നു. 2024 25 അധ്യയന വർഷത്തിലെ സ്കൂൾ കലോത്സവത്തിൽ മാപ്പിളപ്പാട്ട്, അറബി ഗാനം എന്നിവയിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടി തൃശ്ശൂരിന്റെ സ്വർണ്ണ കപ്പിൽ ഒരു പൊൻതൂവൽ ചാർത്താൻ ഞങ്ങളുടെ സ്കൂളിലെ മുഹമ്മദ് അജിസലിന് സാധിച്ചു..

## കായികമേള....

സ്കൂൾ കായികമേള എല്ലാവർഷവും സ്കൂളിൽ നടത്തിവരുന്നു. പിടി അധ്യാപകന്റെ കുറവുണ്ടായിട്ടും കുട്ടികൾ സ്വന്തം പരിശീലനത്താൽ ഓട്ട മത്സരത്തിലും റിലേ മത്സരത്തിലും ജില്ലാതലം വരെ പങ്കെടുത്തിട്ടുണ്ട്. ഫുട്ബോൾ പ്രേമികളായ ഒരു പ്രദേശമാണ് കണ്ണാട്ടുപാടം. ഹയർസെക്കൻഡറി വിഭാഗത്തിൽ നിന്നും നല്ലൊരു ഫുട്ബോൾ ടീമിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകി കായികമേളയിൽ പങ്കെടുപ്പിക്കാറുണ്ട്.

## ശാസ്ത്രമേള...

കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന ഒട്ടേറെ കഴിവുകൾ പുറത്തേക്ക് കൊണ്ടുവരുന്നതിനായി കല കായികമേള യോടൊപ്പം തന്നെ ശാസ്ത്രമേളയും നടത്തിവരുന്നു. എൽ പി തലം മുതൽ കുട്ടികൾ സയൻസ്, സാമൂഹ്യം, കണക്ക്, പ്രവൃത്തി പരിചയമേള എന്നിവയിൽ പങ്കെടുക്കുന്നു. സ്കൂൾതലത്തിൽ ശാസ്ത്രമേള നടത്തി ഓരോ വിഷയത്തിനും അധ്യാപകരുടെ സഹായത്താൽ കുട്ടികൾ ജില്ലാ ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്നു. 2013 ൽ കോക്കനട്ട് ഷെൽ നിർമ്മാണത്തിൽ കണ്ണാട്ടുപാടം സ്കൂളിലെ മുഹമ്മദ് സാബിത്ത് സംസ്ഥാന തലവരെ എത്തിയിട്ടുണ്ട്. 2015 വരെ ചോക്ക് നിർമ്മാണത്തിൽ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി ഉയർന്ന ഗ്രേഡ് കുട്ടികൾ കരസ്ഥമാക്കിയിട്ടുണ്ട്. പാഴ്‌വസ്തുക്കളുടെ പുനരുപയോഗം വിഭാഗത്തിൽ യുപി വിഭാഗത്തിൽ നിന്നും കുട്ടികൾ പങ്കെടുത്ത ജില്ലാ തല വരെ എത്തിയിട്ടുണ്ട്. വർക്ക് ഇൻസ്ട്രക്ടറിന്റെ സഹായത്തോടെ കുട്ടികൾ പ്രവർത്തിപരിചയമേളയിൽ പങ്കെടുക്കുന്നതിന് പരിശീലനം നേടിവരുന്നു. പാഠ്യ വിഷയങ്ങളോടൊപ്പം തന്നെ പാഠ്യേതര വിഷയങ്ങളിലും കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു.

## ലാബ് ലൈബ്രറി

ലാബുകളും ലൈബ്രറികളും ഒരു വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നു. 2017-18 അധ്യയനവർഷത്തിൽ ശാസ്ത്ര പോഷണി പദ്ധതിയിൽ 5 ലക്ഷം രൂപ ചെലവിട്ട് നിർമ്മിച്ച ലാബുകളാണ് വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നത്.

ലാബിന്റെ ഭൗതിക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട് എങ്കിലും നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ലാബുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ട്.

6000 ത്തിലധികം പുസ്തകങ്ങൾ അടങ്ങുന്ന ലൈബ്രറിയാണ് വിദ്യാലയത്തിലുള്ളത്. എല്ലാ ദിവസവും കുട്ടികൾക്ക് ലൈബ്രറിയിൽ വന്നിരുന്ന് വായിക്കാനും പുസ്തകങ്ങൾ എടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ട്. അധ്യാപകരും വിദ്യാർത്ഥികളും ഈ ലൈബ്രറി സൗകര്യം നന്നായി വിനിയോഗിച്ച് വരുന്നു. എങ്കിലും 6000 ത്തിലധികം പുസ്തകങ്ങൾ ക്രമീകരിച്ചു വയ്ക്കുന്നതിനുള്ള കബോർഡ് സൗകര്യങ്ങൾ നിലവിൽ ഇല്ലാത്തതിനാൽ വേണ്ട പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ ബുദ്ധിമുട്ടുണ്ട്.

## പിടിഎ....

എല്ലാ അധ്യയന വർഷവും 15 അംഗങ്ങൾ ഉള്ള പിടിഎ സ്കൂളിൽ തെരഞ്ഞെടുക്കുന്നു. (8 രക്ഷിതാക്കളുടെ പ്രതിനിധികളും 7 അധ്യാപക പ്രതിനിധികളും). എല്ലാമാസവും നാലുമണിക്ക് ശേഷം പിടിഎ യോഗങ്ങൾ ചേർന്ന് അവരുമായി ആലോചിച്ച് സ്കൂളിന്റെ വികസനത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും ഭംഗിയായി ചെയ്തുവരുന്നു . ഇതുകൂടാതെ പിടിഎയോ ടൊപ്പം സഹകരിച്ച് വരുന്ന എം പി ടി എ, എസ് എം സി, ഒ എസ് എ എന്നിവരുടെ സഹായവും സഹകരണവും ഉള്ളതിനാൽ സ്കൂളിന്റെ വികസനം വളരെയേറെ മെച്ചപ്പെട്ട രീതിയിലാണ്. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും പിടിഎ അംഗങ്ങളുടെ സഹകരണവും മേൽനോട്ടവും ഉണ്ട്.

## വിദ്യാലയത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളികൾ

വിദ്യാലയം പ്രവർത്തനക്ഷമമായി മുന്നേറുന്നതിനും വിദ്യാർത്ഥികൾക്ക് സുരക്ഷിതവും ഗുണമേന്മയുള്ള പഠനപരിസ്ഥിതിയും ഒരുക്കുന്നതിനും ചില പ്രധാന വെല്ലുവിളികൾ അതിജീവിക്കേണ്ട സാഹചര്യമുണ്ട്. സമീപപ്രദേശങ്ങളിൽ നിന്ന് വന്യമൃഗങ്ങൾ സ്കൂളിന്റെ പരിസരത്തേക്ക് എത്തുന്നതും, മുപ്ലി വണ്ട് ഉൾപ്പെടെയുള്ള ഇഴജന്തുക്കളുടെ ശല്യവും കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഘടകങ്ങളാണ്. ക്ലാസ് മുറികളിലേക്കും മറ്റ് ഭാഗങ്ങളിലേക്കും ഇത്തരം ജന്തുക്കൾ പ്രവേശിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്കും ഭയാനകാന്തരീക്ഷത്തിനും ഇടയാക്കുന്നു.

സ്കൂളിന്റെ അതിരുകളോട് ചേർന്നുള്ള റബ്ബർ തോട്ടത്തിൽ നിന്നും സ്കൂൾ പരിസരത്തേക്ക് അപകടകരമായി ചാഞ്ഞുനിൽക്കുന്ന മരങ്ങളും മരച്ചില്ലകളും ശക്തമായ കാറ്റിനും മഴയ്ക്കും ഇടയിൽ തകർന്നുവീഴാനുള്ള സാധ്യത ഉയർത്തുന്നു. ഇത് കുട്ടികളുടെയും ജീവനക്കാരുടെയും ജീവന് ഭീഷണിയാണ്. സ്കൂളിൽ ഇപ്പോഴും നിലനിൽക്കുന്ന ഉപയോഗശൂന്യമായ പഴയ കെട്ടിടങ്ങൾ ഭൗതിക സുരക്ഷയെ ബാധിക്കുന്നു. ഈ കെട്ടിടങ്ങൾ പൊളിച്ചു നീക്കാൻ നടപടികൾ കൈക്കൊണ്ടിട്ടില്ല. കൂടാതെ, പുതിയ ക്ലാസ് മുറികൾ പണിയുന്നതിനുള്ള സ്ഥലം സ്കൂളിൽ പരിമിതമാണ്.

കായിക അധ്യാപകന്റെ അഭാവം വിദ്യാർത്ഥികളുടെ ശാരീരിക വികസനത്തെയും കായികപ്രതിഭകളെ വളർത്തുന്നതിനും തടസ്സം സൃഷ്ടിക്കുന്നു. സ്കൂളിലേക്ക് എത്തുന്നതിനുള്ള ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്, പ്രത്യേകിച്ചും അകലെയുള്ള പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഇത് വലിയ ബുദ്ധിമുട്ടാണ്. സ്കൂളിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വ്യാപകമാക്കാൻ ആവശ്യമായ laptop, projector മുതലായ ഉപകരണങ്ങളുടെ എണ്ണം വളരെ കുറവാണ്. കായികോപകരണങ്ങളും അധികം ലഭ്യമല്ല, ഫലമായി കുട്ടികൾക്ക് പരിശീലനം നൽകാൻ തടസ്സം നേരിടുന്നു.

Special education വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ട മുൻഗണനയോടെയുള്ള പരിശീലനവും സംരക്ഷണവും നൽകാൻ സ്ഥിരം അധ്യാപികയുടെ അഭാവം വലിയ പ്രശ്നമായി നിലനിൽക്കുന്നു. ഇവയെല്ലാം സ്കൂൾ ഭരണത്തെയും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെയും കാര്യമായി ബാധിക്കുന്ന ഘടകങ്ങളായി മാറിയിട്ടുണ്ട്. അതിനാൽ തന്നെ ഈ വെല്ലുവിളികൾക്ക് അധികാരികളുടെയും സമൂഹത്തിന്റെയും സഹകരണത്തോടെ അടിയന്തിര പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2025 -2026

**വിഷയം : മലയാളം**

**ലക്ഷ്യങ്ങൾ :-**

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കുവാനുമുള്ള ശേഷിയുള്ളവരാക്കുക
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം ഗ്രഹിക്കാൻ കഴിവുള്ളവരാക്കുക
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു
- പത്രം തയ്യാറാക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | വായന<br>ചിത്രവായന<br>വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് പ്രാപ്തരാക്കുന്നു.<br>വായനമൂല ഒരുക്കൽ<br>പത്രവായന<br>വായന കാർഡ് തയ്യാറാക്കൽ | ദീർഘകാലം | രക്ഷിതാക്കൾ<br>അധ്യാപകർ | PTA<br>SMC<br>OSA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനം | ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു സച്ചിത്ര ബുക്ക് സംയുക്ത ഡയറി എഴുത്ത് ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു. അക്ഷരം എഴുതുന്നു ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തുന്നു സാങ്കല്പിക ഡയറി എഴുതുന്നു വരികൾ കൂട്ടിച്ചേർക്കുന്നു ചിത്രം നൽകി അതിൽ നിന്നും കഥ ഉണ്ടാക്കുന്നു സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു | JUNE<br>MARCH<br>ദീർഘ കാലം | | |

To speak,read and write English without mist

| | Activities | Support | Month | Financial Resources. |
|---|---|---|---|---|
| listening | Conversations<br>Descripition,Growing sentences<br>picture,readingriddles,quiz,<br>Reading breaking news | Teachers<br>Parents | June<br>March | PTA<br>OSA |
| Reading | Find wards from reading materials<br>Rhyming words,Describing words from text book activities | | | |
| Writing | Make wOrd web picture descripition<br>Word chain | | | |

**ഗണിതം:**

**ലക്ഷ്യങ്ങൾ**

**1. ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു**

**2. അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.**

**3. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.**

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാ ബോധം | സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു സംഖ്യ കാർഡ് നിർമ്മാണം | അധ്യാപകർ രക്ഷിതാക്കൾ | | |
| ഗണിത കിറ്റ് | ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു | | | |
| വലിയ സംഖ്യ ചെറിയ സംഖ്യ | 1-20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയാൻ | | | |
| സംങ്കലനക്രിയകൾ | സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ ഒരെക്ക് സംഖ്യകൾഡ തമ്മിൽ സങ്കലന ക്രിയകൾ ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും | | | |
| ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ | ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | | | |
| സംഖ്യാ ഗാനങ്ങൾ | തിരിച്ചറിയൽ ഒന്നിടവിട്ട സംഖ്യകൾ | | | |
| വ്യവകലന പ്രവർത്തനങ്ങൾ | സംഖ്യ ഗാനങ്ങൾ പാടുന്നു | | | |
| ചിഹ്നം തിരിച്ചറിയൽ | രണ്ടക്ക സംഖ്യയിൽ നിന്നും ഒരെക്കം കുറയ്ക്കുന്ന വ്യവചലന പ്രവർത്തനം | | | |
| | +,,= തിരിച്ചറിയൽ | | | |

പരിസര പഠനം ലക്ഷ്യങ്ങൾ

- ❖ ചെടികൾ നിരീക്ഷിച്ചു പൂക്കളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു.
- ❖ വിവിധതരം സസ്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു
- ❖ സസ്യങ്ങൾക്ക് വേര് തണ്ട് ഇല പൂവ് കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു
- ❖ പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ നിറം ഇതളുകൾ പട്ടികപ്പെടുത്തുന്നു
- ❖ നിറം രുചി ആകൃതി മണം വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു
- ❖ പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| ചെടികൾ നിരീക്ഷിച്ചു പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ<br><br>ചെടികൾക്ക് വേര് തണ്ട് ഇല പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു<br><br>ഭക്ഷ്യയോഗ്യഭാഗങ്ങൾ കണ്ടെത്തുന്നു | പ്രകൃതി നടത്തം<br><br>പൂക്കളുടെ പ്രദർശനം<br><br>സ്കൂൾ പൂന്തോട്ടം സന്ദർശനം നിർമ്മാണം, പൂന്തോട്ടത്തിലെ ചെടികളെ നിരീക്ഷിച്ച് ഭാഗങ്ങൾ കണ്ടെത്തുന്നു<br><br>പച്ചക്കറികൾ പഴങ്ങൾ കിഴങ്ങുകൾ പൂക്കൾ ഇവ കൊണ്ടുവരുന്നു | അധ്യാപകർ രക്ഷിതാക്കൾ | | |

| | | | | |
|---|---|---|---|---|
| ട്രാഫിക് നിയമങ്ങൾ | ഏതു ഭാഗമാണ് ഭക്ഷ്യയോഗ്യമായത് എന്ന് കണ്ടെത്തുന്നു<br><br>രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു<br><br>റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പരിചയപ്പെടുന്നു<br><br>‘ | | | |

## Std :2 മലയാളം അക്കാദമിക മാസ്റ്റർ 2025

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടുവരൽ | വായന കാർഡുകൾ ഭാഷ കേളികൾ കുഞ്ഞുപുസ്തകങ്ങൾ | SRG, ക്ലാസ്സ് ടീച്ചർ | ജൂൺ-മാർച്ച് |
| വായനാ ശേഷി വളർത്തൽ വായനയുടെ ആഴം വർദ്ധിപ്പിക്കൽ | വായിക്കാൻ വളരും ക്ലാസ് വായന ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം. | HM,SRG ടീച്ചർ | ജൂൺ-മാർച്ച് |
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു സ്വതന്ത്ര രചന നടത്താനുള്ള ശേഷി നേടുന്നു | സംയുക്ത ഡയറി സംഭാഷണം എഴുത്ത് കഥ നിർമ്മാണം | SRG ക്ലാസ്സ് ടീച്ചർ | ജൂൺ-മാർച്ച് |
| അറിവ് ഡോക്യുമെന്ററിലൂടെ നേടൽ | കണ്ടറിയാം കേട്ടറിയാം | ക്ലാസ് ടീച്ചർ അധ്യാപകർ | ജൂൺ-മാർച്ച് |
| സ്വന്തമാക്കിയ പദങ്ങൾ കൂട്ടിച്ചേർത്ത് ആശയപൂർണ്ണതയോടെ വാക്യങ്ങൾ എഴുതുന്നു ഭാഷ കേളികളിൽ ഏർപ്പെടുന്നു | കഥ കവിത പൂർത്തിയാക്കൽ കടങ്കഥ നിർമ്മാണം വരികൾ കൂട്ടിച്ചേർക്കൽ TBപ്രവർത്തനങ്ങൾ | കുട്ടികൾ അധ്യാപകർ | ജൂൺ-മാർച്ച് |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനം മികവ്. | എഴുത്തും കുത്തും രചന ക്യാമ്പുകൾ ലഘുപതിപ്പുകൾ തയ്യാറാക്കൽ | കുട്ടികൾ പ്രമുഖ വ്യക്തികൾ | ജൂൺ-മാർച്ച് |
| സർഗാത്കകതയെ തട്ടിയുണർത്താം | രചന ശില്പശാല കഥ കവിത രചനകൾക്കുള്ള വേദിയൊരുക്കൽ ബാല സഭ | കുട്ടികൾ അധ്യാപകർ | ജൂൺ-മാർച്ച് |

**Std :2 ഗണിതം** **അക്കാദമിക മാസ്റ്റർ 2025**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ സുതാര്യമാക്കൽ ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഒറിഗാമിയിലൂടെ പഠിക്കാം പഠനോപകരണ ശില്പശാല ഗണിത മേള ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകൾ പരിചയപ്പെടൽ) | SRG ടീച്ചർ<br>HM<br>PTA | ജൂൺ-ജൂലൈ |
| അംഗീകൃതമല്ലാത്ത ഏകകങ്ങൾ ഉപയോഗിച്ച് നീളം അളക്കുന്നു, നീളം ഊഹിച്ച് പറയുന്നു. | കൈപ്പത്തി ഉപയോഗിച്ച് ബെഞ്ച് അളക്കൽ കാൽപാദം ഉപയോഗിച്ച് അളക്കൽ | കുട്ടികൾ<br>ടീച്ചർ | ജനുവരി-<br>ഫെബ്രുവരി |
| കലണ്ടർ നോക്കി നിശ്ചിത ദിവസം ബന്ധം എന്നിവ കണ്ടെത്തുന്നു | കലണ്ടർ നിരീക്ഷണം<br>ആഗസ്റ്റ്-സെപ്റ്റംബർ | കുട്ടികൾ<br>അധ്യാപകർ | ആഗസ്റ്റ്- നവംബർ |
| 100 വരെയുള്ള സംഖ്യകളുടെ സങ്കലനം വ്യവകലനം സംഖ്യാ വ്യാഖ്യാനം പ്രശ്നം എന്നിവയിൽ ശേഷി കൈവരിക്കുന്നു. | കാർഡുകളി ഡെയ്സ് കളി കുന്നുകളും പത്തുകളും ക്രമത്തിൽ എഴുതാം ബാഡ്ജ് നിർമ്മാണം | കുട്ടികൾ<br>ടീച്ചർ | നവംബർ-ഡിസംബർ |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ രൂപങ്ങൾ തിരിച്ചറിയൽ ചിത്രം വര | കുട്ടികൾ<br>ടീച്ചർ | ജൂൺ-മാർച്ച്<br>ജൂൺ-ജൂലൈ |
| വിവിധ പാത്രങ്ങളിലെ വെള്ളത്തിന്റെ അളവ് കണ്ടെത്തുന്നു ഉള്ള അളവ് ഊഹിച്ച് പറയുന്നു | ചെറിയ പാത്രങ്ങൾ ഉപയോഗിച്ച് വെള്ളം അളക്കുന്നു വലുത് ചെറുത് കണ്ടെത്തുന്നു | കുട്ടികൾ<br>ടീച്ചർ | ജനുവരി |
| കലണ്ടർ നോക്കി നിശ്ചിത ദിവസം മാസം സംഖ്യ പാറ്റേൺ എന്നിവ കണ്ടെത്തുന്നു | കലണ്ടർ നിരീക്ഷണം നിർമ്മാണം പാറ്റേൺ നിർമ്മാണം | കുട്ടികൾ<br>ടീച്ചർ | ഫെബ്രുവരി |

STD: 2 ENGLISH

ACADAMIC MASTER PLAN -2025

| OBJECTVE | Activities | DURATION |
|---|---|---|
| TO SPEAK, READ AND WRITE ENGLISH WITHOUT MISTAKE | PRETEST, TO DEVELOP LISTENING SKILLS AND READING SKILLS, GAMES, ACTION SONG, CONVERSATION, STORIES USE ICT, RHYMING WORDS | JUNE-MARCH |
| LISTENING SKILLS | GAMES,ACTION SONG, SKIT, USE ICT | JUNE-MARCH |
| READING SKILLS | TEXT BOOK ACTIVITIES, LIBRARY BOOK READING | JUNE-MARCH |
| SPEAKING SKILLS | DESCRIPTION, PICTURE READING SELF INTRODUCTION, SPEECH, RIDDLES | JUNE-MARCH |
| WRITING SKILLS | MAKE WORD WEB, MAKE RIDDLES ADD MORE LINES, PICTURE DESCRIPTION | JUNE-MARCH |

## Std :2 പരിസര പഠനം അക്കാദമിക മാസ്റ്റർ- 2025

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|
| ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കണ്ടെത്തി പറയുന്നു വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവ ഉറപ്പാക്കാനായ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നു | ശുചിത്വ ക്ലാസുകൾ പോസ്റ്റർ നിർമ്മാണം ശുചീകരണ ഉപകരണങ്ങളുടെ നിർമ്മാണം | കുട്ടികൾ<br>അധ്യാപകർ | ജൂൺ- ജൂലൈ |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്താം നിരീക്ഷണം കർഷകനുമായി അഭിമുഖം കൃഷിയിടത്തിലേക്ക് | കുട്ടികൾ<br>അധ്യാപകർ<br>PTA | സെപ്തംബർ-ഡിസംബർ |
| ശാസ്ത്രമൂല ഒരുക്കൽ ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ലഘുപരീക്ഷണങ്ങൾ കുറിപ്പ് തയ്യാറാക്കൽ ശാസ്ത്രമൂല ഒരുക്കൽ | HM<br>SRG ടീച്ചർ<br>കുട്ടികൾ | ഒക്ടോബർ-നവംബർ |
| എന്താണ് സ്വാതന്ത്ര്യം | സ്വാതന്ത്ര്യം എന്ത് എന്ന പഠനം | കുട്ടികൾ<br>അധ്യാപകർ | ആഗസ്റ്റ്-സെപ്റ്റംബർ |
| വിവിധതരം ആഹാരങ്ങൾ ആഹാര ശീലങ്ങൾ എന്നിവ തിരിച്ചറിയുന്നു | ആഹാരവസ്തുക്കൾ തരംതിരിക്കൽ ആഹാര ശീലങ്ങൾ പട്ടികപ്പെടുത്തൽ പലഹാരമേള | കുട്ടികൾ<br>അധ്യാപകർ | ജനുവരി<br>ഫെബ്രുവരി |
| സത്യങ്ങളെ കുറിച്ചുള്ള പ്രയോജനങ്ങൾ തിരിച്ചറിയുന്നു | പരിസര നിരീക്ഷണം ഇല്ല നിരീക്ഷണം ചെടികൾ നടൽ | കുട്ടികൾ<br>അധ്യാപകർ | ഒക്ടോബർ- |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്ര മൂല ശാസ്ത്ര യാത്ര | HM<br>ടീച്ചർ<br>കുട്ടികൾ | ആവശ്യാനുസരണം |

# അറബിക്

ലക്ഷ്യം

കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള  പ്രത്യേക പരിപാടി

പ്രവർത്തനം

അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികൾക്ക് അക്ഷരക്കാടുകൾ നൽകി നിറം നൽകാൻ പറയുന്നു അക്ഷര ഗെയിമുകൾ നൽകുന്നു അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു

വയനാലോകം

ലക്ഷ്യം

നല്ല വായനക്കാരൻ ആക്കുക

ക്ലാസ്സ് വായന

ഓരോ അറബിക് പീരിയഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക

ആസ്വാദന ലോകം

ലക്ഷ്യം

സർഗ്ഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

പ്രവർത്തനം

ആസ്വാദനസഭ

പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുന്നു

അറബിക് അസംബ്ലി

ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക

പദപരിചയം
ലക്ഷ്യം
അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ
പ്രവർത്തനം
അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും ക്ലാസ്സിൽ വിദ്യാർത്ഥികൾ അറബിയിൽ ഓരോ പദം പരിചയപ്പെടുത്തുന്നു
ക്ലാസിലെ ലീഡർ ആ പദം ബോർഡിൽ എഴുതുന്നു

പ്രസ്തുത പദം നോട്ടുപുസ്തകത്തിൽ എഴുതിയെടുക്കുന്നു

ദിനാചരണങ്ങൾ
സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റ് നിർമ്മിക്കുന്നു
എഴുത്തിന്റെ ലോകം
ലക്ഷ്യം
കുട്ടികളുടെ കൈയെഴുത്ത് മെച്ചപ്പെടുത്തൽ
പ്രവർത്തനം
ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകാൻ

# 2025–2026
# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം

**Std :3**

ഉപമേഖല : ഭാഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാഹിത്യപ്രതിഭകളെ അടുത്തറിയാം വായന പരിപോഷണം | 1. കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>2. പുസ്തക ശേഖരണവും പ്രദർശനവും<br>3. ചിത്രഗാലറി | ജൂൺ<br>ജൂൺ<br>ഡിസംബർ<br>ജനുവരി | അധ്യാപകർ<br>SMC<br>അധ്യാപകർ<br>SMC<br>മദർ PTA | SMC<br><br>SMC |
| വായനാ പരിപോഷണം | 1. പൊതു സാമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>2. വായന കളരി<br>3. നാട്ടുവായന<br>4. പ്രാദേശിക എഴുത്തുകാരും ആയുള്ള സംവാദം | നവംബർ<br><br>ആഴ്ചയിൽ ഒന്ന്<br>ആഗസ്റ്റ് | വായനശാല<br>ക്ലബ്ബുകൾ<br>SMC<br>SRG<br>ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ്ബ് | ക്ലബ്ബ്<br>SMC<br>SRG<br><br>വായനശാല |
| വ്യക്തി ശുചിത്വം പരിസര ശുചിത്വം | • ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്<br>• വിദ്യാലയ പരിസരം നിരീക്ഷണം ശുചീകരണം | ജൂൺ മാർച്ച് | അധ്യാപകൻ<br>SMC | |
| കലാരൂപങ്ങൾ അറിയാം, പരിശീലിക്കാം | • സാംസ്കാരിക പ്രാധാന്യമുള്ള കലാരൂപങ്ങളെ കുറിച്ച് സെമിനാർ<br>• കലാരൂപങ്ങൾ ആൽബം തയ്യാറാക്കൽ | ജൂലൈ | അധ്യാപകൻ | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം
**Std : 3**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | 1. ഒറിഗാമി ശിൽപ്പശാല<br>2. രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും<br>3. ഒറിഗാമി/ ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ജൂൺ<br>ജൂലൈ,<br>ആഗസ്റ്റ്<br>സെപ്റ്റംബർ,<br>ഒക്ടോബർ | അധ്യാപകർ<br>SRG<br>PTA<br>അധ്യാപകർ | SSA |
| പ്രായോഗികപ്രശ്നങ്ങളുടെ നിർദ്ധാരണം | ഓരോ കുട്ടിക്കും കണക്കുപെട്ടി | ആഗസ്റ്റ്,<br>സെപ്റ്റംബർ | അധ്യാപകർ | SSA<br>STAFF<br>SMC |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | നവംബർ<br>ഡിസംബർ<br>ജനുവരി | SRG<br>ക്ലാസ്സ് ടീച്ചർ | |

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്
**Std : 3**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായന-ആശയമറിഞ്ഞും ഒഴുക്കോടെയും | **1 ക്ലാസ്സ് ലൈബ്രറി വികസനം** | ജൂൺ-മാർച്ച് | **അധ്യാപകർ** |
| | **2 വാർത്താ വായന മത്സരം** | മാസത്തിൽ ഒന്ന് | **അധ്യാപകർ** |
| | **3 വായനാക്യാമ്പുകൾ** | 3 മാസത്തിൽ ഒന്ന് | **അധ്യാപകർ** |
| | **4 ബാല പ്രസിദ്ധീകരണങ്ങളുടെ വായന** | ജൂൺ .മാർച്ച് | **അധ്യാപകർ**<br>**SRG**<br>SMC |

**മേഖല : അക്കാദമികം**

**ഉപമേഖല : പരിസരപഠനം**

**Std : 3**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** |
|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |
| പ്രകൃതി വിഭവ സംരക്ഷണം | • ജൈവ വൈവിധ്യ പാർക്ക്<br>• തടയണ മഴക്കുഴി നിർമ്മാണം<br>• ജലസ്രോതസ്സുകൾ<br>• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>• ശാസ്ത്രപ്രതിഭകളെ അടുത്തറിയാം<br>• പരീക്ഷണം വീട്ടിനകത്തും<br>• ശാസ്ത്ര മാസികകൾ | ജൂലൈ --<br>---ഡിസംബർ<br><br>ജൂലൈ---<br>ഡിസംബർ |

# 2025–2026
# അക്കാദമിക് മാസ്റ്റർ പ്ലാൻ
# STD-IV

# പരിസര പഠനം (STD-IV)

| പ്രവർത്തനം | ലക്ഷ്യം | പഠനപ്രവർത്ത്നം | കാലയളവ് | ചുമതല |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | ടീച്ചർ |
| ശാസ്ത്ര ചുവർ | ശാസ്ത്ര ദിനങ്ങൾ ആചരണം | ദിനാചരണ കുറിപ്പ് പോസ്റ്റർ പ്രദർശനം | ,, | ,, |
| ശാസ്ത്രമൂല | ശാസ്ത്ര പഠന താൽപര്യം വർധിപ്പിക്കൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ ശേഖരണം | ,, | ,, |
| ഐസിടി പ്രദർശനം | ശാസ്ത്രപ്രദർശനം | ശാസ്ത്ര പഠനത്തിന് സഹായകമായ വീഡിയോകൾ കാണിക്കൽ | ,, | ,, |
| ഭൂപട വായന | കേരളം ഇന്ത്യ ഭൂപടം വായന | ഭൂപട വായന സൂചിക നിർമ്മാണം | ,, | ,, |

# ENGLISH

| പ്രവർത്തനം | ലക്ഷ്യം | പഠനപ്രവർത്ത്നം | കാലയളവ് | ചുമതല |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി സ്വർഗ്ഗാത്മക പരിപോഷണം | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | News, Story reading in school Assembly | വർഷം | ക്ലാസ്സ് ടീച്ചർ |
| ഇംഗ്ലീഷ് ഡയറി | ജീവിത ഗന്ധിയായ അനുഭവങ്ങൾ ഭാഷയിലൂടെ പ്രകടിപ്പിക്കൽ | വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പായി എഴുതുന്നു. | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| ഇംഗ്ലീഷ് തീയേറ്റർ | സർഗ്ഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ |
| വാക്കുകൾ കണ്ടെത്തണം | ഡിക്ഷണറിയിൽ പുതിയ പദങ്ങളും അർത്ഥം കണ്ടെത്തൽ | പ്രയാസം ഉള്ള വാക്കുകളെ അർത്ഥം കണ്ടെത്തുന്നു | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |
| റീഡേഴ്സ് തീയേറ്റർ | വായനാ ശേഷി വളർത്തൽ | പുസ്തക വായന ചങ്ങല വായന | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |

# ഗണിതം

| പ്രവർത്തനം | ലക്ഷ്യം | പ്രഒക്തത്തന വിശദീകരണം | കാലം | ചുമതല |
|---|---|---|---|---|
| പരിസര നിരീക്ഷണം | ഗണിത രൂപങ്ങളെ തിരിച്ചറിയുന്നതിന് | പാടും നിരീക്ഷിച്ചു വിവിധ ജ്യാമിതീയ വസ്തുക്കൾ തിരിച്ചറിഞ്ഞ് സവിശേഷതകൾ മനസ്സിലാക്കുന്നു | 1 മാസം | ക്ലാസ്സ് ടീച്ചർ |
| കളിക്കാം രസിക്കാം | ഗണിത പഠനം രസകരമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | വർഷം | ക്ലാസ്സ് ടീച്ചർ |
| ഗണിത ചുമർ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂലം തിരിച്ചറിയുന്നതിന് | കടലാസ്, ഈർക്കിലി എന്നിവ ഉപയോ ഗിച്ച് ഗണിത രൂപ നിർമ്മിതി | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| ഗണിത മേള | ഗണിതശേഷികളുടെ പ്രദർശനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, കണ ക്ക്പ്പെട്ടി എന്നീ പഠനോല്പ്പന്നങ്ങളും പഠ നോപകരണങ്ങളും പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |

# മലയാളം

| പ്രവർത്തനം | ലക്ഷ്യം | പഠനപ്രവർത്ത്നം | കാലയളവ് | ചുമ തല |
|---|---|---|---|---|
| രചനാ പരിചയ കുറിപ്പ് | വായന പരിപോഷണം | ലൈബ്രറി ഒരുക്കൽ<br>വായന വാരം രചന പരിചയക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ | വർഷം മുഴു വൻ | ക്ലാസ്സ് ടീച്ചർ |
| കാവ്യോത്സവം | ഭാഷാ പഠനം രസകരമാക്കുന്നതിന് | കവിതയ്ക്ക് ഈണങ്ങൾ കണ്ടെത്തി അവതരിപ്പിക്കൽ | വർഷം മുഴു വൻ | ക്ലാസ്സ് ടീച്ചർ |
| കാവ്യ ആവിഷ്കാരം | ഭാഷാപഠനം അനുഭവവേദ്യമാക്കൽ | കവിതയെ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കൽ | വർഷം മുഴു വൻ | ക്ലാസ്സ് ടീച്ചർ |
| പൊതുവിഷയ വിതരണം | സാമൂഹികജീവിതാ ബോധം | വിവിധ വിഷയങ്ങളെ മാറ്റിയ അവബോധ ക്ലാസുകൾ ഉദാഹരണം ട്രാഫിക് നിയമങ്ങൾ ലഹരി | 1 മാസം | ക്ലാസ്സ് ടീച്ചർ |
| ഡയറി | ഭാഷാപരമായ ശേഷി വികസിപ്പിക്കുന്നതിന് | പ്രധാന സംഭവങ്ങൾ ഡയറിക്കുറിപ്പായി എഴുതുന്നു | വർഷം മുഴു വൻ | ക്ലാസ്സ് ടീച്ചർ |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ (UP)

# 2025-2026

# UP ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| യുപി തലത്തിലെ എല്ലാകുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | • അക്ഷരങ്ങൾ എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മാണം | ജൂൺ-ഓഗസ്റ്റ് | അക്ഷര ചാർട്ട് ചിഹ്നങ്ങൾ ചാർട്ട് | BRC Rosource Teacher |
| സ്ക്കുളിലും വീട്ടിലും കാണുന്നതും കേൾക്കുന്നതുമായ വാക്കുകൾ ഹിന്ദിയിൽ പഠിക്കുക | ഗൃഹോപകരണങ്ങളുടെ പേരുകൾ ഹിന്ദിയിൽ തയ്യാറാക്കൽ<br>ICT സഹായത്തിലൂടെ അക്ഷരം,വാക്ക് ഇവ പഠനം | സെപ്റ്റംബർ-ഒക്ടോബർ | ഹിന്ദി നിഘണ്ടു | PTA<br>BRC<br>Rosource Teacher |
| ആശയങ്ങൾക്ക തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള അവസരം(സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ<br>• അധികവായന<br>• വായനമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ-ഫെബ്രുവരി | പുസ്തകങ്ങൾ | PTA<br>BRC |
| ഹിന്ദിവായന | നിരന്തരം പുസ്തകം വായന | ജൂൺ-ഫെബ്രുവരി | പുസ്തകങ്ങൾ | ഹിന്ദി അധ്യാപകർ |
| ഹിന്ദി സംസാരം | ചെറിയ വാക്യങ്ങൾ ഹിന്ദിയിൽ സംസാരം | ജൂൺ-ഫെബ്രുവരി | | |

# UP –മലയാളം

| | | | |
|---|---|---|---|
| അർത്ഥപൂർണ്ണമായി എഴുതുവാനും വായിക്കുവാനുള്ള കഴിവ് നേടൽ | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അക്ഷരക്കളരി പ്രവർത്തനങ്ങളിലൂടെ അർത്ഥപൂർണ്ണമായി എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നു.<br>പത്രവായന ക്ലാസ് തലത്തിൽ പത്രവായനക്ക് അവസരം നൽകി പത്രവായനയെ അധികരിച്ച് കേട്ടെഴുത്തുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം ഉടനീളം<br>ക്ലാസ്സ് റൂം പ്രവർത്തനമായി ആഴ്ചയിൽ 21 തവണ | ക്ലാസ്സ് അധ്യാപിക<br>ക്ലാസ്സ് അധ്യാപിക |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന പദസമ്പത്ത് വളർത്തൽ | പഠിതാക്കൾ തങ്ങളുടെ കവിത അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരത്തിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ | ക്ലാസ്സ് ടീച്ചർ |
| ഠിതാക്കളുടെ കലാവാസനകൾ പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട നാടകങ്ങൾ കിറ്റുകൾ എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | മാസത്തിൽ ഒന്ന് | വിദ്യാരംഗം മലയാള അധ്യാപകർ |
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭാവം വളർത്തൽ | കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ വായിക്കാനും വായിച്ചറിഞ്ഞ പുസ്തകവും സാഹിത്യകാരനെയും കുറിച്ച് ലഘു വിവരണത്തിലൂടെ അസംബ്ലിയിൽ തങ്ങളുടെ വായനാനുഭവം പങ്കുവയ്ക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു | | |

UP ENGLISH ACADAMIC MASTERPLAN 2025 – 26

| Objectives | Activities | Duration | Responsibility | Economic Basis |
|---|---|---|---|---|
| For enriching the students listerning skills and capacities | <u>Attention please</u><br>Students were given chances to listen to simplestories (video)and let them recollect as many words as possible (can be taken as a competition) | June | English Teacher | |
| | <u>Yes I have something to tell you</u><br>Let teacher show video clip of the story without any narration and teacher herself begins with a simple sentence. Let me the learner complete the story | July | English Teacher | |
| | <u>Follow me if you can</u><br>Give hances for the learners to act according to the instructionsgiven by the teacher. | June | English Teacher | |
| | <u>Lets repeat after me</u><br>Some confusing words were spelt and pronounced correctly before me whole class | August | English Teacher | |

| Objectives | Activities | Duration | Responsibility | Economic Basis |
|---|---|---|---|---|
| Enriching the studentsspeaking skills and capacities | Children were given chance to listen and repeat those words several times.<br><br>Who am I<br><br>Students were given some particulars charts(birds,flowers,..)Let them introduce them selvesby giving simple clues.Let others find who are they ?<br><br>Let's enact :<br>Students were given chances to enact short role plays on simple themes in classrooms and assembly.(as part of day celebtration) | September<br><br>Everymonth | English Teacher<br><br>English Teacher | |
| Enriching the reading skill of the learner | Reader's Theatre<br><br>Particular topic from text book and other script were selected students were given chances to perform."Readers Theatre". | October | English Teacher | |

| Objectives | Activities | Duration | Responsibilites | Economic Basis |
|---|---|---|---|---|
| Enriching the writing skill of the learner | Let's Read<br><br>Simple story reading cards were given and components can be held<br>Dictionary Work<br><br>Let the students write the words and find out its meaning (A to Z)from dictionary weekly presentation of words before the class<br>Introduce a wood<br><br>Introduce a word –(spelling pronounciation,meaning,sentence using the word )is the school assembly | December<br><br>As a classroom activity<br><br>Every month | English Teacher<br><br>English Teacher<br><br>English Teacher | |
| LSRW Enhancement | English Test<br><br>Students were given chances to showcase their talents on different areas of English language learning | February | English Teacher | 2000 |

# UP ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം ന്ൽക്കുന്ന കുട്ടികളെ മുൻനിരയി ലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം ന്ൽക്കുന്ന കുട്ടികളെ കണ്ടെത്തി, മുൻനിര യിൽ നിൽക്കുന്ന കുട്ടികളും അധ്യാപ കരും ചേർന്ന് വേണ്ട മാർഗ്ഗ് നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മ കൾ കണ്ടെത്തി ആവ ശ്യമായ പ്രവർത്തന ങ്ങൾ നൽകുന്നു. | ജൂൺ | ക്ലാസ്സ് അധ്യപകൻ | |
| ആധുനിക കാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തു ന്നു. | ജ്യാമിതീയ രൂപങ്ങ ളുംട ചിത്രീകരണം, ചതുഷ്ക്രിയകൾ പഠി ക്കാന് സാധിക്കും ഗെയ്മുകൾ, തുട ങ്ങിയ ICT ഉപയോഗ പ്പെടുത്തുന്നു. | വർഷം മുഴുവൻ | ഗണിത അധ്യാപകൻ | |
| ഗണിതമേഖലയിൽ അഭിരുചി വർദ്ധിപ്പി ക്കൽ | ഗണിത അസംബ്ലി സംഘടിപ്പിക്കുന്നതി ലൂടെ ഗണിതം ഉൾപ്പെ ടുത്തി വിവിധ പ്രവർത്തനങ്ങൾ നട പ്പിലാക്കുന്നു. | അാസത്തിൽ ഒന്ന | ഗണിത ക്ലബ് | |

# UP ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം രസകരവും കരചലനശേഷികളുടെ വികാസവും ലക്ഷ്യമാക്കുന്നു. | പാഠ്യപദ്ധതിക്കാനുസൃതമായി വിവിധ ഗണിത രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ പ്രദർശനം സംഘടിപ്പിക്കുന്ന. | വർഷം മുഴുവൻ | ഗണിതക്ലബ് | |
| ഗണിതത്തെ മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തി കൂടുതൽ ജീവിതഗന്ധിയാക്കുന്നു . | ഗണിതത്തെ കായിക പ്രവർത്തനങ്ങളുമായി ബദ്ധപ്പെടുത്തി പ്രവർത്തനളും മത്സരങ്ങളും നടത്തുന്നു. | സെപ്റ്റംബർ മുതൽ മുതൽ ഫെബ്രുവരി | ഗണിതക്ലബ് | |

# UP സാമൂഹ്യശാസ്ത്രം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് കളിയിൽ നിന്ന് കാര്യത്തിലേക്ക് ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ പഠിതാവിന് നൽകുന്നു<br>ഓർമ്മച്ചെപ്പ് കേരളംജില്ലകൾ ഇന്ത്യ സംസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി സാധ്യത മെമ്മറി ടെസ്റ്റ് നടത്തുന്നു | ജൂൺ<br>ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കി മാറ്റുക | വെർച്ചൽ ഫീൽഡ് ട്രിപ്പ്<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികൾ ചരിത്ര അവബോധം വളർത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ജനാധിപത്യ പരമായ തെരഞ്ഞെടുപ്പ് മനസ്സിലാക്കുന്നതിനായി തെരഞ്ഞെടുപ്പ് നടത്തുന്നു | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക | വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങൾ ഐസിടിയുടെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിച്ച് രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുന്നു | അക്കാദമി വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗം തടയൽ | ഡിജിറ്റൽ അച്ചടക്കം<br>സാമൂഹിക ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷയെക്കുറിച്ചുംനിയമങ്ങളെക്കുറിച്ചും ബോധവാൻ മാരാക്കുന്നു | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തൽ | സുസ്ഥിര വികസനത്തിന് കുറിച്ചുള്ള വീഡിയോ പ്രദർശനം ലൈബ്രറിയിൽ നിന്നുള്ള പുസ്തകങ്ങൾ ലഭ്യമാക്കാൻ സുസ്ഥിര വികസനത്തെ കുറിച്ചുള്ള സെമിനാർ റിപ്പോർട്ട് അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ | |
| സാമൂഹികശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിധി നിമിഷ നേരം കൊണ്ട് കണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തര വേള ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ | |

# UP സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | സ്കൂളിലെ ജൈവവൈവിധ്യം പാർക്കിന്റെ സന്ദർശനവും പരിചരണവും<br><br>കണ്ടറിയാൻ ഒരു യാത്ര കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്രകൾ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം<br><br>പരീക്ഷണ കളരി നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ പരീക്ഷണം നടത്തുന്നു | അക്കാദമിക വർഷം<br><br>സെപ്തംബർ<br><br>ജൂലൈ മുതൽ | **ഇക്കോ ക്ലബ്ബ്, സയൻസ് ക്ലബ്ബ് ശാസ്ത്ര അധ്യാപകർ**<br>**ഇക്കോ ക്ലബ്ബ്, സയൻസ് ക്ലബ്ബ് ശാസ്ത്ര അധ്യാപകർ**<br>**ശാസ്ത്ര അധ്യാപകർ** | **പി.ടി.എ**<br><br>രക്ഷിതാക്കൾ<br><br>**ശാസ്ത്ര അധ്യാപകർ** |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക | എക്സ്പോ- കുട്ടികൾ നിർമ്മിച്ച ശാസ്ത്ര ഉപകരണങ്ങളും ലഘുപരീക്ഷണങ്ങളും ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br>ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു<br>യുറേക്ക കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ആഴ്ചയിൽ ഒരു ദിവസം ശാസ്ത്ര മാസികകൾ ലൈബ്രറിയിൽ നിന്നും ലഭ്യമാക്കുന്നു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | **ശാസ്ത്ര അധ്യാപകർ** | **ഗയൻസ് ക്ലബ്ബ്** |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതയുമായി ബന്ധപ്പെടുക ശാസ്താപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവിത ചരിത്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | അക്കാദമിക വർഷം | **ശാസ്ത്ര അധ്യാപകർ** | |

# 2025-2026

## അക്കാദമിക്മാസ്റ്റർ പ്ലാൻ

## ഹൈസ്ക്കൂൾ വിഭാഗം

## മേഖല-ഹൈസ്ക്കൂൾ-മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്ക അവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം അടിക്കുറിപ്പ്<br>9. ചിത്രം കഥ എഴുതാൻ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ അധ്യാപകർ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. വായന ഉത്സവം സംഘടിപ്പിക്കൽ<br>4. പത്രവായന<br>5. പുസ്തക ചർച്ച<br>6. വായനാനുഭവം<br>7. വായന കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>9. ദിനാചരണം<br>10. ഇ-വായന | 6 മാസം | ക്ലാസ്സ് ലൈബ്രറി സ്ക്കൂൾ ലൈബ്രറി പത്രങ്ങൾ | പി.ടി.എ അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനാക്കുറിപ്പ് പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. പതിപ്പ് തയ്യാറാക്കൽ<br>6. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘരചന<br>8. ഭാഷ പ്രൊജക്റ്റ് | 6മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | പി.ടി.എ അധ്യാപകർ |
| സദസ്സിനെ അഭിമുഖീകരിക്കാൻ ആക്കുക | 1. പ്രസംഗം പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം | ഓഡിയോ വീഡിയോ | ട്രെയിനർ, അധ്യാപകർ |

# മേഖല- ഹൈസ്ക്കൂൾ- ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്<br>ഇംഗ്ലീഷ് ലൈബ്രറി നവീകരണം<br>ഇംഗ്ലീഷ് കരിയർ സ്റ്റഡി ടൈം<br>ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം<br>ഇംഗ്ലീഷ് അസംബ്ലി | | | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | സിനിമ ആൻഡ് £ ഡോക്യുമെന്ററി പ്രൊഫൈൽ £ സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിനു വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>റോൾ പ്ലെ, ആചരണം, സെമിനാർ ചർച്ചകൾ പ്രശസ്ഥരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യായാവിഷികരമം നടത്തുന്നു. | | | |
| സ്വാതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക | ഈ സ്ക്കൂൾ ഇംഗ്ലീഷ് വോയിസ്, അക്ഷരകാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡ് ചിത്രവായന ലഘുകഥ നിർമ്മാണം, പബ്ലിക്ക് സ്പീക്കിംഗ്, സിംബ്ലിളി നെയിംസ്, ഇംഗ്ലീഷ് പത്രവായന, പദസംവാദനം എന്റെ ഡയറി പത്ര വാർത്തകൾ തയ്യാറാക്കൽ അസംബ്ലി ന്യൂസ് വായിക്കൽ നൂസ് റീഡിംഗ് കോമ്പറ്റീഷൻ | | | |
| നാടകീകരണം | ഇംഗ്ലീഷ് അസംബ്ലി, സ്കിറ്റ്, പൂപറ്റ ഷോ, ഇംഗ്ലീഷ് ലാബ് പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി പുപറ്റ് ഷോ, സ്കിറ്റ് കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | **വർഷത്തിൽ 2 പ്രാവശ്യം** | | |

| | | | | |
|---|---|---|---|---|
| കവിതാലാപനത്തിനും, കവിതാരചനക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാരചന ആലാപനമത്സരങ്ങൾ നടത്തുന്നു.<br>ആസ്വാദനകുറിപ്പ തയ്യാറാക്കുന്നു.<br>വുക്ക് റിവ്യൂസ്<br>രചനകളും പ്രദർഷനം (മാഗസിൻ) | **വെക്കേഷൻ ഓണം ക്രിസ്തുമസ്** | | |
| സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ, നിരൂപകർ വിവിധ മേഖലയിലെ പ്രകസ്ത വ്യക്തികൾ എന്നിവയുമായുള്ള അഭിമുഖം വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. ഇംഗ്ലീഷ് ടെസ്റ്റ്, ഇംഗ്ലീഷ് ഫിലീം കാണാനുള്ള് അവസരം | **അക്കാദമിക വർഷത്തിൽ** | | |
| സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | നേറ്റീവ മൊത്തം സമയം ചെലവഴികാകനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br><br>ഇപ്പോൾ ജീവിച്ചിരിക്കുന്ന ഇംഗ്ലീഷ് വൈറ്റേഴ്സും, പോയറ്റേഴസുമായിവീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | **ശനിയാഴ്ചകൾവെക്കേഷൻ**<br><br>**അക്കാദമിക വർഷം 2 തവണ** | | |

# മേഖല- ഹൈസ്ക്കൂൾ- ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾ ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനുമുള്ള കഴിവുകളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും നേടേണ്ട പഠന നേട്ടങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തുക
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും മാറ്റി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും കണ്ടെത്തുവാനും പരിശീലിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു | ഹ്രസ്വം ജൂൺ – ജൂലൈ | |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ പരിചയപ്പെടുത്തുന്നു. | ഓരോ കുട്ടിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതിക്കുന്നു. | മധ്യകാലം ഓഗസ്റ്റ്– സെപ്റ്റംബർ | ഹിന്ദി ടീച്ചർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു | കേട്ടെഴുത്ത്, പ്രശ്നോത്തരി നൽകുന്നു. | | ഹിന്ദി ടീച്ചർ |
| വായനയ്ക്ക് അധികം പ്രാധാന്യം നൽകുന്നു | ചെറിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ഡിസംബർ ജനുവരി | ഹിന്ദി ടീച്ചർ |
| എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ, ചെറിയ പുസ്തകങ്ങൾ നൽകുന്നു | ഹ്രസ്വം ജൂൺ– ജൂലൈ | |
| നാമം, സർവ്വനാമം, ക്രിയ, വിശേഷ ണം, വാക്യഘടന പരിചയപ്പെടുത്തു ന്നു. | ചാർട്ടുകൾ നൽകി സർവ്വനാമം, വിശേ ഷണം ഇവ എഴുതിക്കുന്നു | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പോസ്റ്റർ തയ്യറാക്കുന്നു. കവിത- ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | പോസ്റ്ററിന്റെ മോഡൽ, വിവിധവിഷയം ഇവനൽകുന്നു. ചെറുകവിതകളുടെ ആസ്വാദനകുറിപ്പ് തയ്യാറാക്കുന്നു. | ദീർഘം നവംബർ ഡിസംബർ | ഹിന്ദി ടീച്ചർ |
| സാഹിത്യാഭിരുചി വളർത്താൻ സരീലി കവിത ചൊല്ലിക്കുന്നു. | പദ്യം ചൊല്ലൽ, കഥ കവിത, പോസ്റ്റർ നിർമ്മാണം | മധ്യകാലം ഓഗസ്റ്റ്- സെപ്റ്റംബർ | ഹിന്ദി ടീച്ചർ |
| തിരക്കഥ എഴുതുവാൻ തിരിച്ചറിയുന്നു.<br>സ്വഭാവസവിശേഷതകൾ- കുറിപ്പ് തയ്യാറാക്കുന്നു.<br>ഡയറി തയ്യാറാക്കുന്നു. | പാഠംഭാഗങ്ങളിലെ സന്ദർഭങ്ങൾ, കഥാപാത്രങ്ങൾ, ചരിത്രക്കുറിപ്പ് ഇവ എഴുതിക്കുന്നു. | ദീർഘം നവംബർ ജനുവരി | ഹിന്ദി ടീച്ചർ |

# ഗണിതശാസ്ത്രം -HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പ ത്തികം |
|---|---|---|---|---|
| അടിസ്ഥാന ആശയം ഉറപ്പിക്കൽ | ആശയത്തോട് ബന്ധപ്പെട്ട നിശ്ചല മാതൃകചലന മാതൃക നിർമ്മിക്കൽ | വിദ്യാർത്ഥികൾ അധ്യാപിക | ജൂൺ | |
| പാഠ്യ വിഷയത്തോട് താല്പര്യമുളവാക്കൽ | നിത്യജീവിതവുമായി ഗണിതത്തെ ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ | വിദ്യാർത്ഥികൾ അധ്യാപിക | ജൂലായ് | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | അധ്യാപകർ വിദ്യാർത്ഥികൾ | തുടർപ്ര വർത്തനം | |
| വിദ്യാർത്ഥികളുടെ അറിവുകൾ വിവിധ തലങ്ങളിൽ പ്രാവർത്തികമാക്കുക | ഗണിത പ്രദർശനങ്ങൾ നടത്തുക | വിദ്യാർത്ഥികൾ | സെപ്തംബർ | |
| ഗണിതത്തിന്റെ ചരിത്രം മനസ്സിലാക്കൽ | ഗണിത മ്യൂസിയം സന്ദർശിക്കുക | PTA,അധ്യാപിക | ഒക്ടോബർ | |
| ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കാൻ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്ത | അധ്യാപിക | മാസത്തിൽ ഒന്ന് | |
| മത്സര പരീക്ഷകളെ അഭിമുഖീകരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക | കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കുക | കരിയർ ഗൈഡൻസ് സ്കാഫ് | ഫെബ്രുവരി | |

ICT Acadamic master plan

Objectives

- Strengthen 21st century digital skills.
- Intergrate ICT with all curricular subjects.
- Encourage creative and responsible ICT use.

Core Components

Tools used : Libreoffice,GIMP,Scratch ,Audacity,Python

ICT Devices : Smart TVs,Laptop,Internet,Projectors,

Learning Style : Project based,Experimental,

Platforms : KITE Victers,Sampoorna

Safety Focus : Cyber security,Digital footprint

Student Invovemen :ICT Project

MONTHLY PLAN WITH ACTIVITIES

| | | |
|---|---|---|
| June | : | ICT Oriention,Email basis,ID creation,World Enviornment Day(june 5)GIMP posters. |
| July | : | World population day(july 11)data handling |
| August | : | GIMP image editing : Independenceday e-posters. |
| September | : | Audacity/kedenlive : Record morning prayer |
| October | : | Software freedom Day-Quiz |

November : Children’s day(nov14) poster
December : Cyber safety posters in GIMP.
January : National youth day (jan 12)student profiles
February : Presentation in impress
Safer Internet Day :Cyber quiz abd pledge
March : National science day(feb 28)science models with ICT

<u>ANNUVAL HIGHLIGHTS</u>

Digital Exhibition in march
Monthly ICT Quiz

## <u>Teacher Support</u>

KITE Victors for reference
Sampoorna for student tracking and ICT club activities.

# ഹൈസ്കൂൾ സയൻസ് 2025– 2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| മനുഷ്യജീവിതത്തിൽ ശാസ്ത്രത്തിനുള്ള പങ്ക് വ്യക്തമാക്കുന്ന വിവരങ്ങൾ ക്ലാസുകളിൽ ചർച്ച ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുന്നു<br><br>വർഷത്തിൽ ഒരുതവണ കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു<br>ബന്ധപ്പെട്ട ക്വിസുകൾ മത്സരങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം<br><br><br>വർഷം 1 തവണ | സയൻസ് അധ്യാപിക | സയൻസ് ക്ലബ്<br><br><br><br><br><br>സയൻസ് ക്ലബ് |
| വിവിധതരത്തിലുള്ള പരീക്ഷണങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നത് വഴി കുട്ടികൾക്ക് ശാസ്ത്രത്തിനോടുള്ള താൽപര്യവും അറിവും വളർത്തുക | സ്കൂൾ ലാബ് സൗകര്യം പ്രയോജനപ്പെടുത്തി കുട്ടികൾക്ക് വിവിധ പരീക്ഷണങ്ങൾ ചെയ്യുന്നതിന് ഉള്ള സാഹചര്യം നൽകുന്നു. ഇതുവഴി കുട്ടികളിലെ നിരീക്ഷണ പാടവം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നു | അക്കാദമിക വർഷം | അധ്യാപിക വിദ്യാർത്ഥി കൾ | 200 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|
| സയൻസുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ പരിചയപ്പെടുത്തൽ | ആമാറ്റം, തന്മാത്ര പ്രദർ പദാർത്ഥങ്ങളുടെ രാസ ഭൗതിക ഗുണങ്ങൾ എന്നീ ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു | 2 ആഴ്ച | സയൻസ് അധ്യാപിക | 1000 |
| പിരിയോഡിക് ടേബിൾ പരിചയപ്പെടുത്തൽ | വിവിധതരത്തിലുള്ള മൂലകങ്ങളും അവയുടെ ഗുണങ്ങളും സ്ഥാനങ്ങളും പരിചയപ്പെടൽ | 3 ആഴ്ച | സയൻസ് അധ്യാപിക | 200 |
| നിത്യജീവിതത്തിൽ ഉള്ള പ്രാധാന്യം | മരുന്നുകൾ വളങ്ങൾ ഇവയുമായി ബന്ധപ്പെട്ട രസതന്ത്രത്തിനുള്ള പങ്ക് ബോധ്യപ്പെടൽ | 3 ആഴ്ച | സയൻസ് അധ്യാപിക | 1000 |
| സ്കൂൾ പഠനവുമായി ബന്ധപ്പെട്ട് പഠനയാത്ര സംഘടിപ്പിക്കൽ | പഠനയാത്രയുമായി ബന്ധപ്പെട്ട് മുളങ്കാട് ചിമ്മിനി ഡാം എച്ചിപ്പാറ വെള്ളച്ചാട്ടം<br>ഇവയുടെ സന്ദർശനം | സെപ്തംബർ | സയൻസ് അധ്യാപിക വിദ്യാർത്ഥി കൾ | 5000 |
| ശാസ്താവ് ബോധം വളർത്തുന്നതിനായി ശാസ്ത്രമേള സംഘടിപ്പിക്കൽ | സയൻസ് എക്സിബിഷൻ നടത്തുന്നത് വഴി കുട്ടികളിലെ കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിന് സഹായകരമാക്കുന്നു | ഒക്ടോബർ | സയൻസ് അധ്യാപിക വിദ്യാർത്ഥി കൾ | 2000 |

# സാമൂഹ്യശാസ്ത്രം-2025-2026

## മേഖല-ഹൈസ്ക്കൂൾ- സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും മേടും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>വയൽ കിളികൾ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനും ആയി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം, ഇവ വളർത്തുക<br><br>സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം, ഇവക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>സ്റ്റാർട്ട് അപ്പ്: സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുപ്പ് ദിനങ്ങളിൽ<br><br>വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്ക്കൂൾ കുട്ടികൾ സുമനസ്സുകൾ<br><br>പി. ടി.എ |
| 3) മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രയവിക്രിയ പ്രവർത്തനങ്ങളിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ : സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ, എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ : ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചയമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | മൈ സിനിമ റൂം സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രോജക്ട് റൂം മുതലായവ (സിനിമ ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര കൊട്ടാരം : വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |